# ജനറൽ ആശുപത്രി, കാഞ്ഞിരപ്പള്ളി

കുന്നുംഭാഗം. പി. ഓ., കാഞ്ഞിരപ്പള്ളി പിൻ. 686507
Phone No.04828-203492, 202292. E Mail thqhkply@gmail.com

നമ്പർ.ബി1-2638/2024 തീയതി.05.08.2024

## ടെൻഡർ നോട്ടീസ്

കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിലെ മാതൃയാനം പദ്ധതിയിൽ ഉൾപ്പെടുത്തി ഈ ആശുപത്രിയിൽ പ്രസവിക്കുന്ന അമ്മയേയും കുഞ്ഞിനേയും സുരക്ഷിതമായി വീട്ടിൽ എത്തിക്കുന്നതിനുവേണ്ടി 2019 മോഡൽ മുതലുള്ള ടാക്സി വാഹനം (5സീറ്റ് ഡ്രൈവർ ഉൾപ്പെടെ ) വിട്ടു കൊടുക്കുവാൻ താൽപര്യമുള്ള രജിസ്ട്രേഡ് ഓണർമാരിൽ നിന്നും മത്സരസ്വഭാവമുള്ള മുദ്രവെച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു.

ടെൻഡർ നൽകുന്ന കവറിന്റെ പുറത്ത് "മാതൃയാനം പദ്ധതിക്കു വേണ്ടിയുള്ള ടെൻഡർ" എന്ന് രേഖപ്പെടുത്തിയിരിക്കണം. ടെൻഡറിൽ മിനിമം ചാർജ് ( പ്രതിമാസം 800കിലോമീറ്ററിന് ), അധികം കിലോമീറ്ററിനുള്ള നിരക്ക് എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. ടെൻഡർ അംഗീകരിക്കപ്പെട്ട വ്യക്തി കേന്ദ്ര/കേരള മോട്ടോർ വാഹനചട്ട പ്രകാരമുള്ള നിബന്ധനകൾ പാലിച്ചുള്ള വാഹനങ്ങൾ മാത്രമേ ഉപയോഗിക്കാവൂ. അംഗീകരക്കപ്പെട്ട ടെൻഡർ പ്രകാരം കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ നിന്നും പ്രസവം കഴിഞ്ഞ അമ്മയേയും കുഞ്ഞിനേയും അവരുടെ വീട്ടുകളിലേക്ക് എത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം ടെൻഡർ ലഭിക്കുന്ന വ്യക്തിയിൽ നിക്ഷിപ്തമായിരിക്കും.

ടെൻഡർ ലഭിക്കുന്ന വ്യക്തിക്ക് ആശുപത്രി പരിസരത്ത് നിന്നും വാഹനം നിശ്ചിത സമയത്തിനകം ലഭ്യമാക്കുന്നതിനുള്ള ഉത്തരവാദിത്വം ഉണ്ടായിരിക്കും. വാഹനത്തിന്റെ ഉടമസ്ഥൻ ആശുപത്രിക്കുവേണ്ടി ഉപയോഗിക്കുന്ന വാഹനത്തിന്റെയും ഡ്രൈവറുടെയും വിവരങ്ങൾ ആശുപത്രി സൂപ്രണ്ടിനെ രേഖാമൂലം മുൻകൂട്ടി അറിയിക്കേണ്ടതാണ്. കരാർ കാലയളവിൽ വാഹനമോ ഡ്രൈവറോ മാറുന്നുണ്ടെങ്കിൽ ആയതും യഥാസമയം അറിയിക്കേണ്ടതാണ് സ്വീകാര്യമായ ടെൻഡർ സമർപ്പിച്ച വ്യക്തിയെ രേഖാമൂലം വിവരം അറിയിക്കുന്നതാണ്. അപ്രകാരം അറിയിപ്പ് ലഭിച്ചു കാഴിഞ്ഞാൽ 2 ദിവസത്തിനുള്ളിൽ 200/-രൂപയുടെ മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെടേണ്ട താണ്.

01.09.2024 തീയതി മുതൽ ഒരു വർഷം ആയിരിക്കും പ്രസ്തുത കരാറിന്റെ കാലാവധി. ടെൻഡർ സ്വീകരിക്കുന്നതും ആവശ്യമെങ്കിൽ റദ്ദാക്കുന്നതും ഉൾപ്പെടെയുള്ള എല്ലാ അധികാരങ്ങളും ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമായി രിക്കും.

| | |
|---|---|
| **ടെൻഡർ ഫോറം വില** | **- Rs.1000+18%GST** |
| **ടെൻഡർ ഫോറം ലഭിക്കുന്ന അവസാന തീയതി** | **- 19.08.2024 04.00PM വരെ** |
| **ടെൻഡർ ഫോറം സ്വീകരിക്കുന്ന അവസാന തീയതി** | **- 21.08.2024 11.00AM വരെ** |
| **ടെൻഡർ തുറക്കുന്ന തീയതി.** | **- 21.08.2024 02.30PM** |

GENERAL HOSPITAL KANJIRAPPALLY

സൂപ്രണ്ട്

Superintendent
General Hospital
Kanjirappally

പകർപ്പ് :-

1. നോട്ടീസ് ബോർഡ്
2. ബഹു.ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്
3. നോട്ടീസ് ബോർഡ് താലൂക്ക് ഓഫീസ്, കാഞ്ഞിരപ്പള്ളി
4. നോട്ടീസ് ബോർഡ് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, വാഴൂർ
5. നോട്ടീസ് ബോർഡ് ഗ്രാമപഞ്ചായത്ത് ഓഫീസ്, ചിറക്കടവ്
6. ഫയൽ/സ്റ്റോക്ക് ഫയൽ